ഉത്തരം

(എ-ഡി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

എൽ. പി., യു. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാനുള്ള തീരുമാനം

87 (684) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എൽ. പി., യു. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അവ ഏതൊക്കെയാണെന്നും ആയതിനു സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ ;

(സി) സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ വിദ്യാഭ്യാസ വകുപ്പ് ശുപാർശ ചെയ്തിട്ടുണ്ടെങ്കിൽ അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) അപ്ഗ്രേഡ് ചെയ്യുന്നതിന് സാമുദായിക പരിഗണന നോക്കിയിട്ടുണ്ടോ ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നു എന്ന് പ്രചരിപ്പിച്ചു അദ്ധ്യാപക നിയമനത്തിന് വൻ തോതിൽ കോഴ വാങ്ങുന്നതായി ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) പ്രസ്തുത ആക്ഷേപം ഉയർന്നുവന്ന സാഹചര്യത്തിൽ അപ്ഗ്രേഡ് ചെയ്യുന്ന നടപടിയിൽ നിന്നും പിന്തിരിയുമോ ?

ഉത്തരം

(എ) അൺ എയ്ഡഡ് മേഖലയിൽ എൽ. പി., യു. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നയപരമായ തീരുമാനം എടുത്തിട്ടുണ്ട്.

(ബി-ഇ) ഏതൊക്കെ സ്കൂളുകളാണ് അപ്ഗ്രേഡ് ചെയ്യേണ്ടതെന്ന കാര്യം പരിശോധിച്ചു വരുന്നതേയുള്ളു.

(എഫ്) ഇല്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകൾ

88 (685) ശ്രീ. എഴുകോൺ നാരായണൻ :
ശ്രീമതി മാലേത്ത് സരളാ ദേവി :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാത്ത എത്ര അൺ എയ്ഡഡ് സ്കൂളുകളുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയിൽ ആകെ എത്ര അദ്ധ്യാപകരും അദ്ധ്യേതാക്കളുമുണ്ട് ; ഇവർ ഏതു ഭാഷയിലാണ് പഠിപ്പിക്കുന്നത് ;

(സി) ഇവർക്ക് റ്റി. സി. നൽകുവാൻ അധികാരമുണ്ടോ ;

(ഡി) ഈ സ്കൂളുകളിൽ നിന്ന് ജയിക്കുന്ന കുട്ടികളെ ഗവൺമെന്റ് അംഗീകാരമുള്ള സ്കൂളുകളിൽ അടുത്ത ക്ലാസ്സിൽ പഠിപ്പിക്കുന്നതിനുള്ള നടപടിക്രമമെന്തെന്ന് പറയുമോ ?

ഉത്തരം

(എ) അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകളുടെ എണ്ണം ശേഖരിച്ചിട്ടില്ല.

(ബി) ഉത്തരം 'എ'യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) 30-3-2003-ലെ സ. ഉ.(സാ)നമ്പർ 870/03/പൊ.വി. പ്രകാരവും 25-3-2002-ലെ സർക്കാർ സർക്കുലർ പ്രകാരവും അൺ എയ്ഡഡ് മേഖലയിൽ പഠിച്ച് ജയിക്കുന്ന കുട്ടികളെ സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് അടച്ച് പരീക്ഷ എഴുതി 2003-04-ൽ അടുത്ത ക്ലാസ്സിലേക്ക് ഗവ/എയ്ഡഡ് അംഗീകൃത സ്കൂളുകളിൽ ചേർത്ത് പഠിപ്പിക്കുവാൻ വ്യവസ്ഥയുണ്ട്.

സ്കൂളുകൾക്ക് അഫിലിയേഷൻ കിട്ടുന്നതിനുവേണ്ടി എൻ.ഒ.സി. നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

89 (686) ശ്രീ. ഇസഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകൾക്ക് സി.ബി.എസ്.ഇ/ഐ. എസ്.സി.ഇ. അഫിലിയേഷൻ കിട്ടുന്നതിനുവേണ്ടി നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 12-1-1988-ൽ ജി. ഒ. (എംഎസ്.)18/88/ജന.എഡ്യു. നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആ ഉത്തരവിന്റെ ഒരു സർട്ടിഫൈഡ് കോപ്പി ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടി ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു.*

അടൂർ ഗവൺമെന്റ് ഹൈസ്കൂളിൽ പുതിയ ഡിവിഷനുകൾ അനുവദിക്കുന്നതിന് നടപടി

90 (687) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ദേലംപാടി പഞ്ചായത്തിലെ അടൂർ ഗവൺമെന്റ് ഹൈസ്കൂളിൽ 8,9,10 ക്ലാസ്സുകളിലെ മലയാളം ഡിവിഷനുകളിൽ ഓരോന്നിലും 100-ൽ കൂടുതൽ കുട്ടികൾ പഠിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly